بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 17.05.2019 ഖുത്‌ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*17.05.2019ന് മുബാറക്ക് മോസ്ക്, ഇസ്‌ലാമാബാദ്, യു.കെയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## തൗഹീദിൽ നിന്നന്യവും ശിർക്കുകൊണ്ടു നിറഞ്ഞതുമായ ലോകത്തിലെ ഈ ഭൂഭാഗത്ത് ഒരു മർക്കസ് ഉണ്ടാക്കുവാനുള്ള സൗഭാഗ്യം അവൻ നൽകി. ഒരു പുതിയ പ്രതിജ്ഞയോടെ ഇവിടെ തൗഹീദിന്റെ പ്രചാരണം നടത്തുക. നബി(സ)തിരുമേനിയുടെ സത്യദാസന്റെ മിഷനെ പൂർത്തിയാക്കുക. പിന്നീട് പ്രദേശങ്ങളും നഗരങ്ങളും അല്ലാഹുവിന്റെ തൗഹീദിന്റെ വിളംബരം നടത്തുന്നവരായിത്തീരുന്ന നാൾ വരുമാറാകണം.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹുദും തഅവ്വുദും സൂറാ ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ വിശുദ്ധഖുർആനിലെ താഴെ പറയുന്ന ആയത്തുകൾ ഓതിക്കൊണ്ട് അതിന്റെ അർത്ഥവും പറയുകയുണ്ടായി.

قُلْ اَمَرَ رَبِّيْ بِالْقِسْطِ ۟ وَ اَقِيْمُوْا وُجُوْهَكُمْ عِنْدَ كُلِّ مَسْجِدٍ
وَّادْعُوْهُ مُخْلِصِيْنَ لَهُ الدِّيْنَ ۬ؕ كَمَا بَدَاَكُمْ تَعُوْدُوْنَ ۝٣٠ فَرِيْقًا هَدٰى
وَفَرِيْقًا حَقَّ عَلَيْهِمُ الضَّلٰلَةُ ؕ اِنَّهُمُ اتَّخَذُوا الشَّيٰطِيْنَ اَوْلِيَآءَ مِنْ دُوْنِ اللّٰهِ
وَيَحْسَبُوْنَ اَنَّهُمْ مُّهْتَدُوْنَ ۝٣١ يٰبَنِيْٓ اٰدَمَ خُذُوْا زِيْنَتَكُمْ عِنْدَ كُلِّ مَسْجِدٍ
وَّكُلُوْا وَاشْرَبُوْا وَلَا تُسْرِفُوْا ۚ اِنَّهٗ لَا يُحِبُّ الْمُسْرِفِيْنَ ۝٣٢

(സൂറ:അഅ്റാഫ്,30,31,32)

ഈ ആയത്തുകളുടെ അർത്ഥം ഇപ്രകാരമാണ്; പറയുക, എന്റെ നാഥൻ നീതിപൂർവ്വം പ്രവർത്തിക്കുന്നതിനു കല്പിച്ചിരിക്കുന്നു. ഓരോ ആരാധനാ സ്ഥലത്തും നിങ്ങളുടെ ശ്രദ്ധ അല്ലാഹുവിലേക്ക് നേരെ നിറുത്തുക. ആരാധനകൾ അവനു മാത്രമാക്കിക്കൊണ്ട് അവനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. അവൻ നിങ്ങളെ ആദ്യമായി സൃഷ്ടിച്ചതുപോലെ അവനിലേക്ക് നിങ്ങൾ മടങ്ങുന്നതാണ്. ഒരു വിഭാഗത്തെ അവൻ നേർവഴിയിലേക്കു നയിച്ചു. എന്നാൽ മറ്റൊരു വിഭാഗമാകട്ടെ, ദുർമാർഗം അവർക്ക് അർഹമായിരിക്കുന്നു. തീർച്ചയായും അവർ അല്ലാഹുവിനെ വിട്ട് പിശാചുക്കളെ സുഹൃത്തുക്കളാക്കിയിരിക്കുകയാണ്. എന്നിട്ട് തങ്ങളാണ് സൻമാർഗത്തിൽ ചരിക്കുന്നവരെന്ന് അവർ ധരിക്കുകയും ചെയ്യുന്നു. ആദം സന്തതികളേ ! നിങ്ങളുടെ ആരാധനയുടെ ഓരോ സ്ഥലത്തും നിങ്ങളുടെ അലങ്കാരം സ്വീകരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുവിൻ. എന്നാൽ ഒന്നിലും അമിതത്വം അരുത്. നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല.

അൽഹംദുലില്ലാഹ്, അല്ലാഹു നമുക്കിന്ന് ഇസ്‌ലാമബാദിലെ ഈ പള്ളിയിൽ ജുമുആ നമസ്കരിക്കുവാനുള്ള സൗഭാഗ്യം നൽകിയിരിക്കുകയാണ്. ഒരു ചടങ്ങെന്നോണം നാമിന്ന് ജുമുആ നമസ്കാരത്തോടെ പള്ളി ഉദ്ഘാടനം ചെയ്യുകയാണെങ്കിലും പ്രാവർത്തികമായി എന്റെ ഇവിടേക്കുള്ള മാറ്റത്തോടുകൂടെ തന്നെ നമസ്കാരങ്ങളും മറ്റു പ്രോഗ്രാമുകളും ആരംഭിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെയിലും ലോകത്തിലെ വിവിധ രാജ്യങ്ങളിലും പള്ളികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ പത്തുപതിനഞ്ചു വർഷങ്ങളായി പള്ളിനിർമ്മാണത്തിലേക്ക് ജമാഅത്തുകളുടെ പ്രത്യേകം ശ്രദ്ധയുണ്ടായിരിക്കുന്നു. ഈ പള്ളിക്ക് മസ്ജിദ് മുബാറക്ക് എന്നാണ് ഞാൻ നാമകരണം ചെയ്തിട്ടുള്ളത്. കാലത്തിന്റെ ഖലീഫയുടെ വസതിയും ഇവിടെയാണുള്ളത് എന്നതിനാലും ഇതിനു പ്രാധാന്യം ഏറുന്നു. ജമാഅത്തിനു സേവനം ചെയ്യുന്ന ചിലരുടെ താമസവും ഇവിടെത്തന്നെയാണ്. നിത്യേന ഞാനുമായി ബന്ധപ്പെട്ട എല്ലാ പ്രധാന ഓഫീസുകളും ഇവിടെയാണ്. അതായത്, ഈ നിലയിൽ നോക്കുമ്പോൾ ഈ സ്ഥലവും പള്ളിയും മർക്കസീ പള്ളിയാകുന്നു. അതിനു പ്രാധാന്യവും ഉണ്ട്. ഇതുപ്രകാരം അല്ലാഹു ഈ പള്ളിയെ മസ്ജിദ് മുബാറക്കിനു സമാനമാക്കുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിക്കുന്നതാക്കുകയും ചെയ്യട്ടെ. എല്ലാവിധത്തിലും അനുഗൃഹീതമാക്കട്ടെ. ഇതിനു പേര് നിർദ്ദേശിക്കുന്നതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ നടക്കുമ്പോൾ പൊടുന്നനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഇൽഹാം എന്റെ മുന്നിൽ വരികയുണ്ടായി. അതു കാരണമാണ് ഈ പേരുവച്ചത്. ആ ഇൽഹാം ഇതാണ്, **മുബാറക്കുൻ വമുബാറിക്കുൻ വകുല്ലു അംറിൻ മുബാരക്കിൻയ്യുജ്അലു ഫീഹി.** ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ തന്നെ വാക്കുകളിലുള്ള ഇതിന്റെ അർത്ഥമിപ്രകാരമാണ്. ഈ പള്ളി അനുഗൃഹദായകവും അനുഗൃഹീതവുമാകുന്നു,

എല്ലാ അനുഗൃഹീത പ്രവൃത്തികളും ഇതിൽ ചെയ്യപ്പെടും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖാദിയാനിലെ മസ്ജിദ് മുബാറക്കിൽ ചെയ്ത ദുആകളും, ലോകത്ത് ഇസ്ലാമിന്റെ പ്രചാരണത്തിനും വിജയം കൈവരിക്കുന്നതിനുമായുള്ള അദ്ദേഹത്തിന്റെ ആഗ്രഹങ്ങളും പ്രതീക്ഷകളും ഈ പള്ളിക്കും ലഭിച്ചുകൊണ്ടിരിക്കട്ടെ. മർക്കസ് ഇവിടേക്കു വന്നത് സർവ വിധത്തിലും അനുഗ്രഹീതമാകട്ടെ. അഹ്മദിയ്യാ ഖിലാഫത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന എല്ലാ പദ്ധതികളും എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നതാകട്ടെ. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പള്ളികൾക്കുള്ള ആ അനുഗ്രഹങ്ങൾ ഇതിനും ലഭിച്ചുകൊണ്ടിരിക്കട്ടെ. അല്ലാഹു നമുക്കു നൽകിയിരിക്കുന്ന ഈ വിശാലത അവൻ കൂടുതൽ വർദ്ധിപ്പിക്കുമാറാകട്ടെ. എതിരാളികൾ അവരുടെ നിഗമനത്തിൽ ഏതെല്ലാം അനുഗ്രഹങ്ങളെയാണോ നമ്മിൽനിന്നും തട്ടിയെടുക്കാൻ ആഗ്രഹിച്ചിരുന്നത്, അതിന്റെ അനേകം മടങ്ങ് അഭിവൃദ്ധികൾ ഈ മർക്കസിൽ നിന്നും ഈ പള്ളിയിൽ നിന്നും ഉണ്ടാകുന്ന കാഴ്ച അവൻ കാണിക്കുമാറാകട്ടെ. ആയതിനാൽ നാം നമ്മുടെ അവസ്ഥകളെ പരിശോധിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഈ പുതിയ ദേശത്ത് വസിക്കുവാൻ അല്ലാഹു സൗഭാഗ്യം നൽകിയിട്ടുള്ളവർ, ഈ പുതിയ പ്രദേശത്തിന്റെ ചുറ്റുപാടും താമസമാക്കുന്നവർ അവരുടെ അവസ്ഥകളെ ഈ പ്രദേശ സവാസികൾക്ക് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ ശരിയായ രൂപം ദർശിക്കുവാൻ കഴിയുന്ന വിധത്തിലാക്കാൻ പരിശ്രമിക്കേണ്ടതാണ്. ഇപ്പോൾ ഇവിടത്തെ ജനവാസകേന്ദ്രത്തിന് ഒരു പുതിയ രൂപം കൈവന്നിരിക്കുകയാണ്. അതുകൊണ്ട് ഇവിടത്തെ തദ്ദേശവാസികൾ നമ്മെ വേറിട്ട കണ്ണോടെയാണ് നോക്കിക്കാണുക. അതുകൊണ്ട് മുൻപത്തേക്കാൾ മികച്ച നിലയിൽ നമ്മുടെ മാതൃകകൾ കാഴ്ചവയ്ക്കുകയും അവരിൽ നല്ല സ്വാധീനം ഉണ്ടാക്കിയെടുക്കുകയും ചെയ്യേണ്ടതായി വരും.

ഹുസൂർ പറയുകയുണ്ടായി; ഞാനിപ്പോൾ പാരായണം ചെയ്ത ആയത്തുകളിൽ അല്ലാഹു വിശ്വാസികളോട് വളരെ വ്യക്തമായി പറയുന്നു, നിങ്ങൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ ദീൻ അല്ലാഹുവിനുവേണ്ടി മാത്രമാക്കുക. അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് പുരോഗതിയുണ്ടുകുന്നതല്ല എന്നു മാത്രമല്ല ദുർമാർഗ്ഗത്തിന്റെ പടുകുഴിയിൽ അകപ്പെടുന്നതുമാണ്. പള്ളികളുടെ ലക്ഷ്യം പൂർത്തിയാക്കിയാൽ മാത്രമേ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭ്യമാകുകയുള്ളു.

ഇക്കാലത്ത് അഹ്മദിയ്യത്തിന്റെ എതിരാളികൾ തങ്ങളുടെ അക്രമത്തിലും ശത്രുതയിലും അസഭ്യം പറയുന്നതിലും അതിരു കടന്നിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ഉത്തരവാദിത്ത്വം ഒന്നുകൂടി വർദ്ധിക്കുകയാണ് ചെയ്യുന്നത്. അതായത് സ്വന്തം ആരാധനകളെ ശുദ്ധമാക്കുകയും ലോകത്തിന് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു; വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നത് **ഉദ്ഊഹു മുഖ്ലിസീന ലഹുദ്ദീൻ** എന്നാണ്. അല്ലാഹുവിനെ ആത്മാർഥമായി സ്മരിക്കുകയും അവന്റെ ഔദാര്യങ്ങളെ ശരിക്കും മനസ്സിലാക്കുകയും ചെയ്യുക. ആരാധനയുടെ തത്വങ്ങളുടെ ചുരുക്കം എന്നത്, താൻ അല്ലാഹുവിനെകണ്ടുകൊണ്ടിരിക്കുന്നു അല്ലെങ്കിൽ അല്ലാഹു തന്നെ കണ്ടുകൊണ്ടിരിക്കുന്നുവെന്ന ഭാവത്തിൽ തന്നെത്താൻ അല്ലാഹുവിന്റെ മുൻപിൽ നിർത്തുകയും എല്ലാതരത്തിലുള്ള കലർപ്പിൽ നിന്നും ശിർക്കിൽ നിന്നും പരിശുദ്ധനാകുകയും അവന്റെ മാത്രം മഹത്വവും അവന്റെ മാത്രം പരിപാലനത്വത്തെക്കുറിച്ചു ചിന്തിച്ചുകയും ചെയ്യുക എന്നതാകുന്നു. സുന്നത്തായ ദുആകളും മറ്റു ദുആകളും അല്ലാഹുവിനോട് അധികമായി ചെയ്യുകയും അധികമായി തൗബയും ഇസ്തിഗ്ഫാറും ചെയ്യുകയും, ആത്മപരിശുദ്ധിക്കും അല്ലാഹുവുമായി ശരിയായ ബന്ധമുണ്ടാക്കുന്നതിനും അവനോടുള്ള സ്നേഹത്തിൽ അലിഞ്ഞു ചേരുന്നതിനും വേണ്ടി തങ്ങളുടെ ബലഹീനതയെ വീണ്ടും വീണ്ടും പ്രകടിപ്പിക്കുകയും ചെയ്യുക. പറഞ്ഞു: നാം ആത്മപരിശോധന നടത്തുകയും ആത്മസംസ്കരണം ചെയ്യുകയും വേണം. നിസ്സാര കാര്യങ്ങൾക്കായി നമ്മുടെ ഉള്ളിലും വല്ല പിണക്കങ്ങളോ അസ്വസ്ഥതകളോ ഉണ്ടെങ്കിൽ അവയെ അകറ്റുകയും നോമ്പിനോടുള്ള കടമ നിർവഹിക്കുന്നവരായി മാറുകയും ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇക്കാലത്ത് ഇസ്ലാം എന്തൊന്നിന്റെ പേരാണോ അതിന് മാറ്റം വന്നിരിക്കുന്നു. എല്ലാതരം ദുസ്വഭാവങ്ങളാലും നിറയുകയും മുഖ്ലിസീന ലഹുദ്ദീൻ എന്ന ആയത്തിൽ പറഞ്ഞ ഇഖ്ലാസ് (പരിശുദ്ധത) ആകാശത്തേക്കു ഉയർന്നു പോകുകയും ചെയ്തിരിക്കുന്നു. അതായത് അതിന്റെ അടയാളം പോലും കാണുന്നില്ല. അല്ലാഹുവുമായുള്ള സത്യസന്ധമായ കൂറും ആത്മാർത്ഥതയും സ്നേഹവും അല്ലാഹുവിലുള്ള തവക്കുലും(ഭരമേൽപ്പിക്കൽ) ഇല്ലാതായിരിക്കുന്നു. ആ എല്ലാ ശക്തികളെയും പുന:സൃഷ്ടിക്കുവാനാണ് അല്ലാഹു ഇച്ഛിക്കുന്നത്. അവിടന്ന് പറയുകയാണ്; ഇക്കാലഘട്ടത്തിൽ കാപട്യം, ഡംബ്, അഹങ്കാരം,സ്വാർഥത തുടങ്ങിയ ദുർഗുണങ്ങൾ അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നു. തവക്കുൽ, തഫ്വീസ് (അല്ലാഹവിൽ പ്രതീക്ഷയർപ്പിക്കലും ഭരമേൽപ്പിക്കലും)മുതലായ എല്ലാ കാര്യങ്ങളും അവസാനിച്ചുപോയിരിക്കുന്നു. ഇപ്പോൾ അവയുടെ ബീജാവാപം ചെയ്യാൻ അല്ലാഹു ഉദ്ദേശിച്ചിരിക്കുകയാണ്. ഹുസൂർ പറയുകയാണ്; ഈ ബീജാവാപം ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേനയാണ് ചെയ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുള്ള അല്ലാഹുവിന്റെ ഉദ്ദേശ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ആ സൽസ്വഭാവങ്ങൾക്ക് ജീവൻ നൽകുകയും ആരാധനകളെ അവനുമാത്രമായി പ്രത്യേകപ്പെടുത്തുകയും ചെയ്യുക എന്നതാണ്. ഇനി ആ ബീജാവാപത്തിലൂടെ വളർന്ന ചെടികളിലെയും വൃക്ഷങ്ങളിലെയും ശിഖിരങ്ങളായി നാം മാറണം. അതു നാം നമ്മുടെ ആരാധനകളെ അവനുമാത്രമായി പ്രത്യേകപ്പെടുത്തുമ്പോൾ മാത്രമായിരിക്കും സാധ്യമാകുക. മറ്റൊരാളുടെ ന്യൂനത കണ്ടുകൊണ്ട് സ്വന്തം സംസ്കരണം നടത്താൻ ശ്രമിക്കുക. അല്ലാഹുവിന്റെ തൃപ്തി മറ്റു താത്പര്യങ്ങളേക്കാൾ കവിഞ്ഞു നിൽക്കണം. ഒരവസരത്തിൽ അവിടന്ന് പറഞ്ഞു; കർമങ്ങൾക്ക് ആത്മാർത്ഥത നിബന്ധനയാണ്. ആയതിനാൽ ബാഹ്യമായ കർമ്മങ്ങൾ മാത്രമാകുകയും അതിൽ ആത്മാർത്ഥതയൊട്ടുമില്ലെങ്കിൽ, ദൈവകൃപയ്ക്കുള്ള വെമ്പൽ ഇല്ലെങ്കിൽ ആ കർമ്മം വ്യർഥമാണ്.

മറ്റൊരവസരത്തിൽ അദ്ദേഹം പറഞ്ഞു, വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ശാരീരികാവസ്ഥയ്ക്ക് ധാർമികാവസ്ഥയും ആദ്ധ്യാത്മികാവസ്ഥയുമായി അങ്ങേയറ്റത്തെ ബന്ധമാണുള്ളത്. ഏതുവരെയെന്നാൽ മനുഷ്യന്റെ അന്നപാനങ്ങളുടെ രീതിപോലും അവന്റെ ധാർമികവും ആധ്യാത്മികവുമായ അവസ്ഥകളിൽ സ്വാധീനമുണ്ടാക്കുന്നു. അദ്ദേഹം പറയുകയാണ്; ഈ ശാരീരികാവസ്ഥകളെ ശരീഅത്തിന്റെ നിർദ്ദേശാനുസൃതം ഉപയോഗിക്കുകയാണെങ്കിൽ ഉപ്പിന്റെ ഖനിയിൽപ്പെടുന്ന ഏതൊരു വസ്തുവും ഉപ്പു രുചിയുള്ളതായിത്തീരുന്നതു പോലെ ഈ എല്ലാ അവസ്ഥകളും ധാർമികകഗുണങ്ങളായിത്തീരുന്നതാണ്. വീണ്ടും അവിടന്നു പറഞ്ഞു; മനുഷ്യന്റെ ആത്മീയാവസ്ഥ നന്നാക്കിത്തീർക്കുന്നതിൽ ബാഹ്യമായ ആഹാരരീതിക്കും വലിയ സ്വാധീനമുണ്ട്. ആയതിനാൽ ആഹാരത്തിൽ മിതത്വം പാലിക്കുക. മിതമായ ആഹാരരീതി അവലംബിക്കുന്നതിലൂടെ മനുഷ്യന്റെ സ്വഭാവഗുണങ്ങളും സന്തുലിതാവസ്ഥയിലാകുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിലേക്കും ശ്രദ്ധയുണ്ടാകുന്നു. അല്ലാഹു പറയുന്നു; **വകുലൂ വശ്റബൂ വലാ തുസ്രിഫൂ**. തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക എന്നാൽ അകാരണമായി അതിന്റെ അളവിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യരുത്. എന്തെന്നാൽ അങ്ങനെ ചെയ്യുന്നതിലൂടെയും സന്തുലിതാവസ്ഥ വിഘടിക്കുന്നു. പിന്നീട് അത് ആത്മീയാവസ്ഥയെ ബാധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹുവിനെ ആത്മാർത്ഥതയോടെ ആരാധിക്കുന്ന ഒരു യഥാർഥ ദാസൻ തന്റെ ആത്മീയാവസ്ഥയെ മെച്ചപ്പെടുത്തുകയും അല്ലാഹുവുമായിട്ടുള്ള ബന്ധം വർദ്ധിപ്പിക്കുകയും മാത്രമല്ല ചെയ്യുക, മറിച്ച് തന്റെ ശാരീരികാവസ്ഥ മെച്ചപ്പെടുത്തുക കൂടി ചെയ്യുന്നു. അതായത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഉപയോഗപ്പെടുത്തുന്നതും അവന്റെ തൃപ്തിക്കു വേണ്ടിയായിരിക്കും.

ഹുസൂർ പറയുകയാണ്; ഈ മർക്കസ് ഉണ്ടായതിൽ അല്ലാഹുവിനോടുള്ള നന്ദി അതർഹിക്കും വിധം പ്രകടിപ്പിക്കുന്നതിനായി നമുക്ക് നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തേണ്ടത് അത്യാവശ്യമായിട്ടുള്ളതുപോലെ നമ്മുടെ ധാർമികാവസ്ഥയുടെ നിലവാരവും ഉന്നതമാക്കേണ്ടതിന്റെ ആവശ്യമുണ്ട്. പ്രത്യേകിച്ചും ഈ പുതിയ സാഹചര്യത്തിൽ ഈ പ്രദേശവാസികൾ നമ്മെ വ്യത്യസ്തമായ ദൃഷ്ടികോണിലൂടെ നോക്കിക്കാണുമ്പോൾ നാമും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളുടെ വശങ്ങളെ നമ്മുടെ വാക്കുകളിലൂടെയും പ്രവൃത്തിയിലൂടെയും കാണിക്കേണ്ടത് മുൻപത്തേക്കാളുപരി ആവശ്യമാണ്. ഈയൊരു കാര്യം മുൻനിർത്തിക്കൊണ്ട് നമ്മുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകുകയാണെങ്കിൽ ഇതുതന്നെ തബ്ലീഗിനുള്ള വലിയൊരു മാർഗമായിത്തീരുന്നതാണ്, ഇതുതന്നെ നമ്മെ അല്ലാഹുവിനോട് കൃതജ്ഞത കാണിക്കുന്നവരാക്കിത്തീർത്തുകൊണ്ട് അവന്റെ അനുഗ്രഹങ്ങളെ സ്വായത്തമാക്കുന്നവരാക്കിത്തീർക്കുന്നതുമാണ്.

ഹുസൂർ പറയുകയാണ്; ഇവിടെ ഒരുകാര്യം കൂടി ഓർത്തിരിക്കേണ്ടത് ആവശ്യമാണ്, അതായത് ചിലയാളുകൾ അവരുടെ അയൽവാസികളോടും പുറമെകാണുന്നവരോടും വളരെനല്ലപോലെ പെരുമാറുന്നവരായിരിക്കും. എന്നാൽ സ്വന്തം വീട്ടിൽ ഭാര്യാമക്കളോടുള്ള പെരുമാറ്റം നല്ലതായിരിക്കില്ല. ഇതവരുടെ വ്യക്തിപരമായ ഒരു കാര്യമല്ല. എന്തെന്നാൽ ഇത്തരം കാര്യങ്ങൾ ജമാഅത്തിന്റെ ഒരുമയെയും സമാധാനത്തെയും കുടി ബാധിക്കുന്നുണ്ട്. വീടുകളിലെ അശാന്തി കുട്ടികളെ ബാധിക്കുകയും കുട്ടികൾ ഭാവിയിൽ ജമാഅത്തിന്റെ ഒരുനല്ല ഭാഗമായിമാറേണ്ടതിനുപകരം ജമാഅത്തിൽ നിന്നും ദീനിൽ നിന്നും അകലുന്നവരായിത്തീരുകയും ചെയ്യുന്നതാണ്. ഇസ്‌ലാമിന്റെ പ്രചാരണത്തിനും തങ്ങളുടെ ദീൻ അല്ലാഹുവിനുവേണ്ടി മാത്രമാക്കുന്നതിനും തങ്ങളുടെ വരും തലമുറകളെക്കൂടി സംരക്ഷിക്കേണ്ടത് ആവശ്യമാണ്. ആയതിനാൽ ഇത്തരം കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്ന വീടുകളിൽ ശാന്തിയും സമാധാനവും നിലനിർത്തുവാൻ വേണ്ടി പരിശ്രമിക്കേണ്ടതാണ്. അതുപോലെത്തന്നെ നിസ്സാരമായ കാര്യങ്ങൾക്കു വേണ്ടി കോപത്തിനടിപ്പെട്ടുപോകുന്ന സ്ത്രീകൾ, അവരും തങ്ങളുടെ മക്കളുടെ ശിക്ഷണത്തിനായി തങ്ങളുടെ അവസ്ഥകളിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണ്. ഈ റമളാനെ, തങ്ങളുടെ വീടുകളെയും ഈ അനുഗൃഹീത മാസത്തിന്റെ അനുഗ്രഹങ്ങൾക്കൊണ്ട് അലങ്കൃതമാക്കിക്കൊണ്ട് വ്യത്യസ്തമാക്കുക. തഖ്‌വയിൽ നാം മുന്നേറണം. കാപട്യം, അഹങ്കാരം, പൊങ്ങച്ചം മുതലായവയിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എത്രത്തോളം നമ്മിലുണ്ടായിക്കൊണ്ടിരിക്കുന്നുവോ അതിനനുസരിച്ച് നാം എല്ലാകാര്യങ്ങളിലും അല്ലാഹുവിന്റെ തൃപ്തിയുടെ മാർഗങ്ങളന്വേഷിക്കുന്നുണ്ടോ എന്നുകൂടി ചിന്തിക്കുക.

ഹുസൂർ പറയുകയാണ്; അല്ലാഹു നമുക്കു നൽകിയിരിക്കുന്ന ഈ മർക്കസിന്റെ യഥാർഥ ലക്ഷ്യം ദീനിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുക എന്നതാണ്. എന്നിരുന്നാലും ഭൗതികമായ നിലയിലും ഇത് അല്ലാഹുവിന്റെ വളരെ വലിയൊരു അനുഗ്രഹമാണ്. ഈ മർക്കസ് മുഖേന അല്ലാഹു നമുക്ക് ദീനീപരമായും ലൗകികമായും രണ്ടു വിധത്തിൽ അനുഗ്രഹിച്ചിരിക്കുകയാണ്. അതുകൊണ്ട് എല്ലാവശങ്ങളെയും മുൻനിർത്തിക്കൊണ്ട് നാം അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കേണ്ടതാണ്. അവന്റെ അനുഗ്രഹത്താൽ നമുക്ക് ഒരുപ്രദേശം ജനവാസമുള്ളതാക്കുവാനുള്ള സൗഭാഗ്യം അവൻ നൽകി എന്ന കാര്യത്തിൽ അല്ലാഹുവിന്റെ മുൻപിൽ നമ്മുടെ തല കുനിഞ്ഞുകൊണ്ടേയിരിക്കുന്നു. ഒരു ചെറിയ ജനസംഖ്യയാണ് എങ്കിലും ഒരു മർക്കസ് എന്ന നിലയിൽ അതിന്റെ പ്രാധാന്യം വലുതാണ്. തൗഹീദിൽ നിന്നന്യവും ശിർക്കുകൊണ്ടു നിറഞ്ഞതുമായ ലോകത്തിലെ ഈ ഭൂഭാഗത്ത് ഒരു മർക്കസ് ഉണ്ടാക്കുവാനുള്ള സൗഭാഗ്യം അവൻ നൽകി. ഒരു പുതിയ പ്രതിജ്ഞയോടെ ഇവിടെ തൗഹീദിന്റെ പ്രചാരണം നടത്തുക. നബി(സ)തിരുമേനിയുടെ സത്യദാസന്റെ മിഷനെ പൂർത്തിയാക്കുക. പിന്നീട് പ്രദേശങ്ങളും നഗരങ്ങളും അല്ലാഹുവിന്റെ തൗഹീദിന്റെ വിളംബരം നടത്തുന്നവരായിത്തീരുന്ന നാൾ വരുമാറാകണം. നബി(സ) തിരുമേനിക്കെതിരെ വായിൽവരുന്നതെന്തും പറയുന്ന ആളുകൾ തിരുമേനിയുടെ പതാകയ്ക്കു കീഴെ നിൽക്കുന്നതിൽ അഭിമാനം കൊള്ളുന്നവരായിത്തീരുകയും അദ്ദേഹത്തിൽ സ്വലാത്തു ചൊല്ലുന്നവരായിത്തീരുകയും ചെയ്യണം. അതുകൊണ്ട് ദുആയിലൂടെയും പ്രവൃത്തിയിലൂടെയും ഏതുവി

ധത്തിലും കാലത്തിന്റ ഖലീഫയെ സഹായിക്കുക എന്നത് ഓരോ അഹ്മദിയുടെയും ഉത്തരവാദിത്തമാണ്. ദുആ സ്വീകരിക്കപ്പെടുന്ന ഈ മാസങ്ങളിൽ നിന്നും ശരിയായ ഫലമെടുത്തുകൊണ്ട് അഹ്മദിയ്യത്തിന്റെ പുരോഗതിക്കു വേണ്ടിയും ലോകത്തിലെ ഈ ഭൂപ്രദേശത്ത് മർക്കസ് നിർമ്മിച്ചതിന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നതിനും വേണ്ടി ദുആ ചെയ്യുക. വളരെയധികം ദുആ ചെയ്യുക. ഈ മർക്കസും വിപുലമാകട്ടെ. ചുറ്റുപാടുമുള്ള അഹ്മദികളുടെ ജനസംഖ്യയും വ്യാപിച്ചുകൊണ്ടിരിക്കട്ടെ. ജനങ്ങൾ ഇസ്‌ലാമിനു കീഴിൽ വരുന്ന കാഴ്ചയും നാം കാണുമാറാകട്ടെ. എതിരാളികളുടെയെല്ലാ പദ്ധതികളും ഛിന്നഭിന്നമാകുന്നതും നാം കാണുമാറാകട്ടെ. റബ്‌വയിലേക്കുള്ള മാർഗ്ഗങ്ങളും തുറക്കുമാറാകട്ടെ. മസീഹിന്റെ രാജമന്ദിരം സ്ഥിതിചെയ്യുന്ന ഖാദിയാനിലേക്കു തിരിച്ചെത്താനുള്ള മാർഗ്ഗങ്ങളും തുറക്കുമാറാകട്ടെ. മക്ക, മദീനയിലേക്കുള്ള മാർഗ്ഗങ്ങളും നമുക്കായി തുറക്കുമാറാകട്ടെ. നമ്മുടെ യജമാനൻ ഹദ്റത്ത് മുഹമ്മദ് മുസ്ഥഫാ(സ)തിരുമേനിയുടെ ദേശവും ഇസ്‌ലാമിന്റെ സ്ഥിരം കേന്ദ്രവുമാണത്. യഥാർഥ ഇസ്‌ലാം അവർക്കും ലഭിക്കുമാറാകട്ടെ. അങ്ങനെ അവർ നബി(സ)തിരുമേനിയുടെ സത്യദാസനെ സാക്ഷ്യപ്പെടുത്തുന്നവരായി മാറട്ടെ. അജ്ഞത നിമിത്തം ശത്രുത വച്ചുപുലർത്തുന്നവരുടെ കണ്ണുകൾ അല്ലാഹു തുറക്കുമാറാകട്ടെ. വെറും ശല്യം ചെയ്യുന്നതിനും സ്വാർഥ താത്പര്യങ്ങൾക്കുമായി പൊതുമുസ്‌ലിംകളുടെ ഹൃദയങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നും അദ്ദേഹത്തിന്റെ ജമാഅത്തിനുമെതിരായി വിദ്വേഷം കുത്തിനിറക്കുന്നവരെയും പിടിക്കുവാനുള്ള സംവിധാനം അല്ലാഹു ഒരുക്കട്ടെ. അങ്ങനെ മുസ്‌ലിംകൾ മസീഹ് മൗഊദ്(അ)ന്റെ കരങ്ങളിൽ ഒരുമിച്ചുകൂടി ഒറ്റ ഉമ്മത്തായിത്തീരുകയും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളുടെ പ്രവർത്തന മാതൃകകളായിത്തീരുകയും ചെയ്യട്ടെ. അങ്ങിനെ അമുസ്‌ലിം ലോകവും ഇസ്‌ലാമിന്റെ പതാകയ്ക്കു കീഴെ വരുമാറാകട്ടെ.

ഹുസൂർ പള്ളിയുടെ നിർമാണ പദ്ധതികളുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ സമർപ്പിച്ചുകൊണ്ടു പറഞ്ഞു; അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പള്ളിയിലും ഇതിനോടു ചേർന്നുള്ള ഹാളിലുമായി രണ്ടായിരത്തിലധികം പേർക്കു നമസ്കരിക്കുവാനുള്ള സ്ഥലമുണ്ട്. ഈ പദ്ധതി വളരെ വലിയ ഒരു പദ്ധതിയാണെങ്കിലും ഇതിനായി വേറെ സാമ്പത്തിക ആഹ്വാനങ്ങളൊന്നും നടത്തിയിട്ടില്ല. പള്ളി നിർമാണത്തിലും അതിന്റെ ഡെക്കറേഷൻ സംബന്ധമായ കാര്യങ്ങളിലും പ്രത്യേക സേവനം ചെയ്ത ജമാഅത്തംഗങ്ങൾക്കായി ദുആ ചെയ്തുകൊണ്ടു ഹസൂർ പറഞ്ഞു; അല്ലാഹു ഉത്തമമായ പ്രതിഫലം നൽകട്ടെ. ഹുസൂർ പറയുകയുണ്ടായി; ഞാൻ പറഞ്ഞതുപോലെ ഈ പദ്ധതിക്കായി ഒരു ആഹ്വാനവും നടത്തിയിട്ടില്ല. എന്നാൽ വളരെ വലിയ ഒരു പദ്ധതിയായിരുന്നു. അതോടൊപ്പം മറ്റു രാജ്യങ്ങളിലും വലിയ പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. എവിടെയെങ്കിലും ഏതെങ്കിലും പദ്ധതി നിർത്തലാക്കേണ്ടി വരുമോ എന്ന ആശങ്ക ചിലപ്പോഴായി എനിക്കുണ്ടായിരുന്നു. പിന്നീട് അല്ലാഹു അനുഗ്രഹിച്ചുകൊണ്ടിരുന്നു. എല്ലാ പദ്ധതികളും പൂർത്തിയായിക്കൊണ്ടിരുന്നു. ചുരുക്കത്തിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഏതു വരെ നമ്മൾ ആവശ്യപ്പെട്ടു കൊണ്ടിരിക്കുമോ അതുവരെ അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ നൽകിക്കൊണ്ടേയിരിക്കും. അതിന്റെ കടമകൾ നിറവേറ്റിക്കൊണ്ടിരുന്നാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഇറങ്ങിക്കൊണ്ടിരിക്കും. അല്ലാഹു അതിനള്ള തൗഫീഖ് തന്നരുളുമാറാകട്ടെ.

ഹുസൂർ പറയുകയുണ്ടായി; പൊതുവെ അല്ലാഹു ജമാഅത്തിന് സാമ്പത്തികത്യാഗത്തിനുള്ള തൗഫീഖ് നൽകിയിട്ടുണ്ട്. ആ ത്യാഗങ്ങൾക്കൊണ്ടു തന്നെയാണ് എല്ലാ പദ്ധതികളും പൂർത്തിയായിക്കൊണ്ടിരിക്കുന്നത്. ഭാവിയിലും പൂർത്തിയാകുന്നതാണ്. ഇൻശാ അല്ലാഹ്. അല്ലാഹു എല്ലാ ജമാഅത്തംഗങ്ങളുടെയും സാമ്പത്തികക്ഷമത വർദ്ധിപ്പിക്കുമാറാകട്ടെ അവരുടെ ജീവനും സ്വത്തിനും ബർക്കത്തു നൽകട്ടെ. ഈ പദ്ധതി ഒരു പ്രത്യേകമായ ആഹ്വാനം കൂടാതെയുള്ളതാണ് എന്ന് ഞാൻ പറഞ്ഞത് ഈ അടിസ്ഥാനത്തിലാണ്. എന്തെന്നാൽ ജമാഅത്തിന്റെ പൊതു ബജറ്റിൽ നിന്നും എടുത്തിട്ടുണ്ട് അതുകൊണ്ട് ലോകത്തുള്ള എല്ലാ ജമാഅത്തുകളും ഇതിൽ ഭാഗഭാക്കാണ്. ആരാണ് കൂടുതൽ നൽകിയത് ആരാണ് കുറവു നൽകിയത് എന്ന യാതൊരു വ്യതിരിക്തതയുമില്ല. അല്ലാഹു എല്ലാവർക്കും പ്രതിഫലം നൽകുമാറാകട്ടെ ജീവനും സ്വത്തിനും ബർക്കത്തു നൽകിക്കൊണ്ടിരിക്കട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 17.05.2019
Malayalam Translation : **Mou.Najmudheen** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516